॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!




പുസ്തകം : 7 ലക്കം 8

വേദസൃഷ്ടി സംവത്സരം 1972949119 കലിവർഷം 5119 മാഘം– ഫാൽഗുനം
1193 മകരം – കുംഭം 2018 ഫെബ്രുവരി

വാർഷിക വരിസംഖ്യ: ₹ 100/- ദീർഘകാലം: ₹1500/-



## മഹർഷി ദയാനന്ദ സരസ്വതി (1825–1883)

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കേണ്ട പ്രധാന ദിനങ്ങൾ**

| | | |
|---|---|---|
| ഫെബ്രുവരി 2 | : | സ്വാമി ശ്രദ്ധാനന്ദ് ജയന്തി |
| ഫെബ്രുവരി 12 | : | മഹർഷിദയാനന്ദ് ജയന്തി |
| ഫെബ്രുവരി 13 | : | ശിവരാത്രി (ഋഷി ബോധോത്സവം) |
| | | സരോജിനിനായിഡു ജയന്തി |
| ഫെബ്രുവരി 19 | : | ഗുരുജി ഗോൾവൾക്കർ ജയന്തി |
| ഫെബ്രുവരി 26 | : | വീർ സവർക്കർ ജയന്തി |
| ഫെബ്രുവരി 27 | : | ചന്ദ്രശേഖർ ആസാദ് രക്തസാക്ഷിദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

## മണ്ഡലം 1 സൂക്തം 7



മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ പാദനിചൃത് ഗായത്രീഛന്ദഃ ഷഡ്ജഃ സ്വരഃ

**യ ഏക്ശ്ചർഷണീനാം വസൂനോമിരജ്യതി।**
**ഇന്ദ്രഃ പഞ്ചക്ഷിതീനാമ്॥**

**(ഋഗ്വേദം 1.7.9)**

**പദാർത്ഥം:–** (യഃ) ഏതൊരു (ഇന്ദ്രഃ) ദുഷ്ടശത്രുക്കളുടെ വിനാശം ചെയ്യുന്ന പരമേശ്വരൻ (ചർഷണീനാമ്) മനുഷ്യൻ (വസൂനാമ്) അഗ്നി തുടങ്ങിയ എട്ടു നിവാസസ്ഥാനങ്ങളും (പഞ്ച) നീചം, മധ്യമം, ഉത്തമം, ഉത്തമതരം, ഉത്തമതമം എന്നിങ്ങനെ അഞ്ചു പ്രകാരത്തിലുള്ള ഗുണത്തോടുകൂടിയ (ക്ഷിതീനാമ്) പൃഥിവി ലോകത്തെ അവക്കിടയിൽ (ഇരജ്യതി) ഐശ്വര്യത്തെ നൽകുന്നതും എല്ലാവർക്കും സേവനം നൽകുന്നതിനും യോഗ്യനായ പരമേശ്വരൻ (ഏകഃ) അദ്വിതീയനും സർവ്വർക്കും സഹായം നൽകുന്നവനുമാണ്)

**ഭാവാർത്ഥം:** ആരാണോ എല്ലാവരുടേയും സ്വാമിയും അന്തര്യാമിയും വ്യാപകനും സർവ്വഐശ്വര്യങ്ങളേയും നൽകുന്നവനും മറ്റൊരു ഈശ്വരന്റേയോ മറ്റാരുടെയൊ സഹായങ്ങൾ ആവശ്യമില്ലാത്തവനും ആ ഈശ്വരൻ എല്ലാ മനുഷ്യരുടേയും ഇഷ്ടബുദ്ധിയാൽ സേവനം ചെയ്യാൻ യോഗ്യനാണ്. ഏതൊരാളാണോ ആ പരമേശ്വരനെ വിട്ട് മറ്റുള്ളവരെ ഇഷ്ടദേവന്മാരായി കാണുന്നത് അയാൾ ഭാഗ്യഹീനനും ഘോരദുഃഖങ്ങളെ സദാ പ്രാപിക്കുന്നവനുമാകുന്നു.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്**
**തർജ്ജമഃ കെ.എം.രാജൻ)**

# ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷികവരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി.ഒ., പാലക്കാട് – 679 504**

*ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)*
*ഈ ജഗത് മുഴുവനും ഈശ്വരമയമാണ്*

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക-ദാർശനിക മാസിക

പുസ്തകം : 7 ലക്കം 8

വേദസൃഷ്ടി സംവത്സരം 1972949119 കലിവർഷം 5119 മാഘം – ഫാൽഗുനം

1193 മകരം – കുംഭം 2018 ഫെബ്രുവരി



**രക്ഷാധികാരി**

സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**

കെ.എം. രാജൻ

**ഉപദേശക സമിതി**

ആചാര്യ വാമദേവ് ആര്യ

ടി. ആർ. ബാലചന്ദ്രൻ നായർ

വാനപ്രസ്ഥി ശ്രീധര മുനി

വി. ഗോവിന്ദ ദാസ്

**വ്യവ്സ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ഉപദേശമഞ്ജരി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | 7 |
| വേദപ്രകാശം പാഠാവലി | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം | : | 14 |



**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

# ശിവസങ്കൽപ്പം

(തുടർച്ച)



ഇത്തരം മിഥ്യാരൂപങ്ങൾക്ക് ന്യായീകരണങ്ങളും ആദ്ധ്യാത്മികാർത്ഥങ്ങളും നൽകി വിശദമാക്കാൻ പലരും ശ്രമിക്കുന്നുണ്ട്. അത് ആസ്തികരെ വഴിതെറ്റിക്കാതെ ഉപകരിക്കൂ. ഭാവിയിൽ ഹാദിയമാർ (അഖില) ഉണ്ടാവാതിരിക്കണമെങ്കിൽ വേദവിരുദ്ധമായ അനാചാരങ്ങളെ തുറന്നുകാട്ടി വേദവിഹിതമായ ആരാധനാപദ്ധതിയിലേക്ക് വഴി കാണിക്കുക മാത്രമേ വഴിയുള്ളു.

ഇനി ശിവൻ ആരാണെന്ന വിഷയത്തിലേക്കു വരാം. ശിവനെ കുറിച്ചുള്ള ഒരുപാട് വർണ്ണനകൾ യജുർവ്വേദം പതിനാറാം അദ്ധ്യാത്തിലുണ്ട്. ശ്രീരുദ്രമെന്നും പ്രസിദ്ധമായ ഈ അദ്ധ്യായം മുഴുവനും സൃഷ്ടികർത്താവും സർവ്വവ്യാപിയും സർവ്വശക്തനുമായ ശിവന്റെ വർണ്ണനകളാണ്. അവയെക്കുറിച്ചു ശരിയായി അറിയണമെങ്കിൽ മഹർഷി ദയാനന്ദന്റെ

*അഗ്നിനാഗ്നിഃ സമിദ്ധ്യതെ (സാമം 944)*

*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

യജുർവ്വേദഭാഷ്യം പഠിക്കണം. വൈദിക സന്ധ്യോപാസനയിലെ അവസാനത്തെ മന്ത്രം ശിവനെ വർണ്ണിക്കുന്നത് നോക്കൂ.

**ഓം നമഃ ശംഭവായ ച മയോഭവായ ച**
**നമഃ ശങ്കരായ ച മയസ്കരായ ച**
**നമഃ ശിവായ ച ശിവതരായ ച**

**(യജുർവ്വേദം 16.41)**

അർത്ഥം : മംഗളത്തിന്റെ ഉറവിടമായ ഭഗവാനെ! അങ്ങയെ നമിക്കുന്നു. സുഖത്തിന്റെ ഉറവിടമായ ഭഗവാനേ! അങ്ങയെ നമസ്ക്കരിക്കുന്നു. മംഗളവും സുഖവും തരുന്നവനെ! അങ്ങേക്ക് നമസ്കാരം! മംഗള സ്വരൂപനും അത്യന്തം മംഗളകാരിയുമായ ഭഗവാനെ അങ്ങേക്ക് നമസ്കാരം.

എത്ര മഹത്തായ ഭാവനയാണ് വേദങ്ങളിൽ ശിവന് നൽകിയിരിക്കുന്നത് എന്ന് നോക്കൂ. ശിവനെ അജര (ജരാനരബാധിക്കാത്തവൻ) നെന്നും അമരനെന്നും വിശേഷിപ്പിക്കുന്നു. അദ്ദേഹം മംഗളകാരിയും ദയാവാനും ക്ഷിപ്രപ്രസാദിയുമാണ്. ആ ശിവൻ ആരാണ്? എങ്ങനെയുള്ളവനാണ്? അദ്ദേഹത്തിന്റെ കർത്തവ്യങ്ങൾ എന്തൊക്കെയാണ്? ഇവ അറിയണമെങ്കിൽ നമുക്ക് പ്രാചീന സാഹിത്യങ്ങൾ പരിശോധിക്കണം.

പൗരാണികസാഹിത്യങ്ങളിൽ ശിവന്റെ പേരിൽ നിരവധി കഥകൾ ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന് നിരവധി പേരുകളും അവക്കെല്ലാം വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങളും കാണാം. ഇവയുടെയെല്ലാം മൂലം വേദങ്ങളിൽ നിന്നെടുത്തതാവണമെന്ന് സ്പഷ്ടമാണ്. എന്നാൽ വേദങ്ങളിൽ വർണ്ണിക്കുന്ന ശിവനും പുരാണങ്ങളിലെ ശിവനും തമ്മിൽ വലിയ വ്യത്യാസമുണ്ട്. വേദങ്ങളിൽ വർണ്ണിക്കുന്ന ശിവൻ സൃഷ്ടിയുടെ നിയാമക ശക്തിയാണ്. എന്നാൽ പൗരാണിക സാഹിത്യങ്ങളിൽ കാണുന്ന ശിവൻ ത്രിശൂലധാരിയും മൃഗത്തോലണിഞ്ഞവനും കഴുത്തിൽ വിഷസർപ്പങ്ങളെ ധരിച്ചവനും ജടയിൽ ഗംഗയെ വഹിക്കുന്നവനും മറ്റുമായ വിചിത്രജീവിയാണ്. വേദങ്ങളിൽ മംഗളകാരിയായി വർണ്ണിക്കുന്ന ശിവൻ പൗരാണിക സാഹിത്യങ്ങളിൽ വളരെ വികൃതരൂപിയായാണ് ചിത്രീകരിക്കപ്പെടുന്നത്. ഇന്ന് ആ വികൃതരൂപത്തിനാണ് സർവ്വത്ര സ്വീകാര്യത നൽകപ്പെടുന്നത് എന്നത് ഖേദകരമാണ്.

(തുടരും)

പത്രാധിപർ



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം – 3 വേദാനാം നിത്യത്വ വിചാരഃ

നനു (ഇദം പ്രകരണം പൂർവ്വോദ്ധരണ വ്യാഖ്യാനേന സംബന്ധമിതി കൃത്വാ പൂർവ്വമുപനസ്യ ദ്വിതീയോ ദ്ധരണസ്യ വ്യാഖ്യാനമഗ്രേ കരിഷ്യതി ഗ്രന്ഥകാരഃ)

**സർവ്വേസർവ്വപദാദേശാ ദാക്ഷീപുത്രസ്യ പാണിനേഃ|**
**ഏകദേശവികാരേ ഹി നിത്യത്വം നോപപദ്യതെ ||1||**

(ഇദം) 'ദാധാധ്വദാപ്' (അഷ്ടാദ്ധ്യായി 1.1.19) സൂത്രത്തിനുള്ള മഹാഭാഷ്യവചനമാണിത്.

അസ്യായമർത്ഥഃ – സർവ്വേ സംഘാതാഃ സർവ്വേഷാം പദാനാം സ്ഥാന ആദേശാ ഭവന്തി| അർത്ഥാച്ഛബ്ദ സംഘാതാന്തരാണാം സ്ഥാനേഷ്വന്യേ ശബ്ദസംഘാതാഃ പ്രയുജ്യന്തെ|

തദ്യഥാ – വേദപാർ, ഗമ്, ഡ, സു, ഭൂ, ശപ്, തിപ് ഇത്യേതസ്യ വാക്യസമുദായസ്യ സ്ഥാനേ 'വേദപാരഗോƒഭവത്' ഇതിദം സമുദായാന്തരം പ്രയുജ്യതെ| അസ്മിൻ പ്രയുക്ത സമുദായേ 'ഗമ്, ഡ, സു, ശപ് തിപ് ഇത്യേഷാമ്' അമ്ഡ് ഉ, ശപ് ഇപ്' ഇതോƒപയന്തീതി കേഷാം ചദ് ബുദ്ധർ ഭവതി, സാ ഭ്രമ മൂലൈ വാസ്തി|കുതഃ? ശബ്ദാനാമ് 'ഏകദേശവികാരെ ച്' ഇത്യുപലക്ഷണാത് നൈവ ശബ്ദസ്യൈക ദേശാപായ ഏകദേശോപജന ഏകദേശവികാരെ (വൈദിക യന്ത്രാലയത്തിൽ അച്ചടിച്ച ഗ്രന്ഥത്തിൽ 'ഏകദേശവികാരിണി' എന്ന പാഠമാണുള്ളത്) സതീദാക്ഷീപുത്രസ്യ പാണിനേരാചാര്യസ്യമതേ ശബ്ദാനാം നിത്യത്വമുപപന്നം ഭവത്യതഃ| 'തഥൈവഡാഗമേ' (വൈദിക യന്ത്രാലയത്തിൽ അച്ചടിച്ച ഗ്രന്ഥത്തിൽ 'തഥൈവാഡാഗമോ' എന്ന പാഠമാണുള്ളത്. ഉത്തരത്ര 'വികാരേ ച്' ഇതി സപ്തമീനിർദ്ദേശാത്) ഭൂ ഇത്യസ്യ സ്ഥാനേ ഭോ ഇതി വികാരെ ചൈവ സംഗതിഃ കാര്യേതി

(ശ്രോത്രോപലബ്ധിരിതി) ശ്രോത്രേന്ദ്രിയേണ ജ്ഞാനം യസ്യ, ബുദ്ധ്യാ നിതരാം ഗ്രഹിതു യോഗ്യ ഉച്ചാരണേനാഭിപ്രകാശിതോ യോ യസ്യാകാശോ ദേശോƒധികരണം വർത്തതെ, സഃ 'ശബ്ദോ' ഭവതീതി ബോദ്ധ്യമ് അനേന ശബ്ദലക്ഷണേനാപി ശബ്ദോനിത്യ എവാസ്തീത്യവഗമ്യതെ| കഥമ്? ഉച്ചാരണ ശ്രവണാദി പ്രയത്ന ക്രിയായാഃ ക്ഷണപ്രദ്ധ്വംസിത്വാത്| 'ഏകൈക വർണ്ണ വർത്തീനി വാക്' ഇതി മഹാഭാഷ്യപ്രമാണ്യാത് (അ.1 പാ.4 സൂ.108) പ്രതിവർണ്ണം അതസ്തസ്യാ ഏവാ നിത്യത്വം ഗമ്യതെ| ന ച ശബ്ദസ്യേതി|

**ഭാവാർത്ഥം** :– ചോദ്യം – ഗണപാഠം, അഷ്ടാദ്ധ്യായി, മഹാഭാഷ്യം എന്നിവയിൽ അക്ഷരങ്ങളുടെ ലോപ - ആഗമ – വികാരാദികളെകുറിച്ചു പറയുന്നുണ്ട്. അപ്പോൾ ശബ്ദങ്ങളുടെ നിത്യത്വത്തെ എങ്ങനെ അംഗീകരിക്കും?

**ഉത്തരം:** ഈ ചോദ്യത്തിനുള്ള ഉത്തരം മഹാഭാഷ്യകാരനായ പതഞ്ജലി മുനി നൽകുന്നുണ്ട്. ശബ്ദങ്ങളുടെ സമുദായങ്ങളുടെ സ്ഥാനത്ത് അന്യശബ്ദസമുദായങ്ങളുടെ പ്രയോഗം മാത്രമാണുള്ളത്.

**(തുടരും)**

*ഭദ്രാ രാതിഃ (സാമം 111)*

***പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ***

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം




**ആഗ്രഹേണാരംഭം കുര്യാച്ഛേഷം കോപേന പൂരയേത് ।**

ആരെങ്കിലും 'ശാസത്ര' മെന്ന ശബ്ദമുപയോഗിച്ചാൽ ഉടൻ ചോദിക്കുന്ന ഒന്നാണ് 'ശാസ്ത്രസ്യ കോ ഽർത്ഥഃ' എന്നത്. ഇത്തരത്തിൽ ദുശ്ചോദ്യങ്ങൾ ഉന്നയിച്ച് കുതർക്കമുന്നയിക്കാൻ അവർക്ക് വലിയ ഉത്സാഹമുണ്ട്. എന്നാൽ ഒരു കുതർക്കി മറ്റൊരു കുതർക്കിയേകണ്ടാൽ അവരുടെ സഹജമായ ചോദ്യങ്ങൾ 'ശകാരസ്യ കോഽർത്ഥ', സ്ത്രകാരസ്യ കോ ഽ ർത്ഥ' ഇത്തരത്തിലുള്ളതായിരിക്കും. തുടർന്ന് തർക്കം തുടരും. അതിനാൽ സഹോദരാ! കുതർക്കം അവസാനിപ്പിച്ച് ശാന്തവൃത്തിയേ ധാരണം ചെയ്ത് സംവാദം നടത്തിയാലും. ഇതാണ് നമുക്ക് യോഗ്യമായിട്ടുള്ളത്. ഭഗവാൻ പതഞ്ജലി മഹാഭാഷ്യത്തിൽ പറയുന്നു. 'ആരാണോ ഓടുന്നത്. അയാൾവീഴും' എന്ന്. ഇതിൽ ഒരു ദോഷവുമില്ല.

**'ധാവതഃ സ്ഖലനം ന ദോഷായ ഭവതി'**

ഈ വചനമനുസരിച്ച് നമ്മൾ പറയുന്നതിൽ എന്തെങ്കിലും പ്രമാദമോ ഉച്ചാരണ പിശകോ വരികയാണെങ്കിൽ പണ്ഡിതന്മാർ അതിനെ കാര്യമാക്കരുത്. നമ്മൾ സർവ്വജ്ഞരല്ല. എല്ലാ കാര്യങ്ങളും നമ്മുടെ അറിവിൽ ഇല്ല. നാം പറയുന്നതിന് അനന്തമായ ദോഷങ്ങളുണ്ടാവാം. ഇക്കാര്യത്തിൽ നമുക്ക് അഹങ്കാരമില്ല. തെറ്റുചൂണ്ടിക്കാണിച്ചാൽ നാമത് തിരുത്തും. സത്യത്തെ അരിച്ചെടുക്കണം. കുതർക്കമുണ്ടാവരുത്. ഇതാണ് നമ്മുടെ ബുദ്ധിയിൽവരുന്നത്. ചെറിയ ഗുണങ്ങളിൽപോലും ശ്രദ്ധകൊടുക്കണം. ദോഷങ്ങളെ ക്ഷമിക്കുകയും വേണം. ശാന്തത അഥവാ ശമം, ദമം, തപസ്സ് എന്നിവയാണ് ബ്രാഹ്മണരുടെ മുഖ്യഗുണങ്ങൾ. ആരിലാണോ ഈ ഗുണങ്ങൾ ഉള്ളത് അയാൾ ബ്രാഹ്മണനാണ് അദ്ധ്യാപനമാണ് ബ്രാഹ്മണന്റെ ജോലി. അതേപോലെ അദ്ധ്യാപനം, യജ്ഞങ്ങൾ നടത്തുക, ദക്ഷിണവാങ്ങുക എന്നിവ ബ്രാഹ്മണരുടെ ജീവിതവൃത്തിയാണ്. അനാവശ്യമായ ദക്ഷിണ വാങ്ങിക്കൽ നല്ലതല്ല.

**ഉപാസതേ യേ ഗൃഹസ്ഥാഃ പരപാകബുദ്ധയഃ ।**
**തേന തേ പ്രേത്യ പശൂനാം വ്രജന്ത്യണാദിദായിനാം ॥**


**(മനുസ്മൃതി 3.104)**

ശമം - അന്തഃകരണത്തിലെ വൃത്തികളുടെ ശമനം, ദമനം - ജിതേന്ദ്രിയത്വം, തപവിദ്യാനുഷ്ഠാനം, രണ്ടു പ്രകാരത്തിലുള്ള ശൗചം - ശാരീരികവും മാനസികവും, ശാന്തി, സരളത - അതായത് ആഗ്രഹമില്ലായ്മ എന്നീ ധർമ്മങ്ങൾ ബ്രാഹ്മണരിൽ ഉണ്ടാവുമ്പോൾ അവരിൽ ഗാംഭീര്യം ഉണ്ടാകുന്നു. കപടബ്രാഹ്മണരിൽ ബ്രാഹ്മണനാണെന്നു വരുത്താനുള്ള തത്രപ്പാട് കാണാം. അത് ശരിയാണ്. ഒരു ധനികനെ ദരിദ്രനെന്നു പറഞ്ഞാൽ അയാൾക്ക് ക്രോധമുണ്ടാവില്ല. എന്നാൽ ദരിദ്രനെ ദരിദ്രനെന്നു വിളിച്ചാൽ അയാൾക്ക് വലിയ ദേഷ്യം വരും. സ്വന്തം അന്തഃകരണവൃത്തിക്കനുസരിച്ച് സംസാരിക്കുക മനുഷ്യരുടെ രീതിയാണ്.

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*

(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

അദ്ധ്യായം 1 പുരാണങ്ങൾ എന്ത്? എന്തിന്?

## എന്താണ് പുരാണം

**യോഽനധീത്യ ദ്വിജോ വേദമന്യത്ര കുരുതേ ശ്രമം।**
**സ ജീവന്നേവ ശുദ്രത്വമാശു ഗച്ഛതി സാന്വയഃ॥**
**(മനുസ്മൃതി 2.168)**

ഏതൊരു ബ്രാഹ്മണനും ക്ഷത്രിയനും വൈശ്യനും വേദങ്ങൾ പഠിക്കാതെ അന്യഗ്രന്ഥങ്ങളെ പഠിക്കുന്നുവോ അവർ അവരുടെ ജീവിതകാലത്ത് തന്നെ സന്താനങ്ങൾ സഹിതം ശുദ്രൻമാരായി തീരുന്നു. ബൗദ്ധന്മാർ പുരാണങ്ങൾ ഉണ്ടാക്കി ഹിന്ദുക്കൾ അവയെ തങ്ങളുടെ ധർമ്മഗ്രന്ഥങ്ങളായി അംഗീകരിക്കുകയും ചെയ്തപ്പോൾ ഐതരേയ സ്മൃതിയുടെ രചന നടന്നു. അതിൽ പറയുന്നത് നോക്കുക.

**വേദൈർവി ഹീനാശ്ച പഠന്തിശാസ്ത്രം**
**ശാസ്ത്രേണ ഹീനാശ്ച പുരാണ പാഠാഃ।**
**പുരാണഹീനാഃ കൃഷിണോ ഭവന്തി**
**ഭ്രഷ്ടാസ്തതോ ഭാഗവതാ ഭവന്തി॥**

(പണ്ഡിറ്റ് ലേഖ്റാമിന്റെ കുലിയാത് ആര്യമുസാഫിർ പേജ് 113)

വേദങ്ങൾ പഠിക്കാത്തവർ ശാസ്ത്രങ്ങൾ പഠിക്കുന്നു. ശാസ്ത്രങ്ങൾ പഠിക്കാത്തവർ പുരാണങ്ങൾ വായിക്കുന്നു. പുരാണങ്ങളും വായിക്കാത്തവർ കൃഷിപ്പണി ചെയ്യുന്നു. കൃഷിപ്പണിയിൽനിന്നും ഭ്രഷ്ടരാവുന്നവർ ഭാഗവത പുരാണവാദിയായിതീരുന്നു.

### പുരാണങ്ങൾ ആർക്കുവേണ്ടി

പുരാണങ്ങൾ എന്തിന് രചിച്ചു എന്ന് നാം പരിശോധിച്ചു. ഇനി പുരാണങ്ങൾ ആർക്കുവേണ്ടി ഉണ്ടാക്കി എന്ന് നോക്കാം.

**സ്ത്രീ ശൂദ്ര ദ്വിജബന്ധൂനാം ത്രയോ ന ശ്രുതി ഗോചരാഃ।**
**കർമ്മ ശ്രേയസി മൂഢാനാം ശ്രേയ ഏവം ഭവേദിഹ॥**
**ഇതിഭാരതമാഖ്യാനം കൃപയാ മുനിനാ കൃതം॥**
**(ഭാഗവതം പ്രഥമസ്കന്ധം നാലാമദ്ധ്യായം 25 – ാം ശ്ലോകം)**

അർത്ഥം: സ്ത്രീകൾ, ശുദ്രന്മാർ, ദ്വിജന്മാരുടെ ഭൃത്യന്മാർ എന്നിവർക്ക് വേദം പഠിക്കാൻ നിഷേധമുണ്ട്. അവർക്ക് വേണ്ടിയാണ് പുരാണങ്ങൾ ഉണ്ടാക്കിയത്.

പുരാണങ്ങൾ എന്താണ്? എന്തിനാണ്? ആർക്കുവേണ്ടി? എന്നൊക്കെ നാം സംക്ഷിപ്തമായി ചർച്ച ചെയ്തു. ഇനി പുരാണങ്ങളുടെ ഒരു സംക്ഷിപ്ത പരിചയം നടത്താം.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദപ്രകാശം പാഠാവലി

**ജാതവേദൻ**

## പാഠം 10 വ്യവഹാരം, ഭക്ഷണ – പാനീയങ്ങൾ

**ചോദ്യം 11 : മാംസാഹാരിയായ വ്യക്തി പാപിയാണോ?**

ഉത്തരം : അതെ

**ചോദ്യം 12 : മാംസാഹാരിക്ക് ഈശ്വരഭക്തനാകാനാവുമോ?**

ഉത്തരം : ഈശ്വരൻ വേദങ്ങളിൽ മാംസാഹാരത്തെ നിഷേധിച്ചിട്ടുണ്ട്. ഈശ്വരാജ്ഞയെ അംഗീകരിക്കാത്തവർക്ക് ഒരിക്കലും ഈശ്വരഭക്തരാവാൻ കഴിയില്ല.

**ചോദ്യം 13 : ഭക്ഷണവിധിയേകുറിച്ച് ഏതെല്ലാം ഗ്രന്ഥങ്ങളിലാണ് പറഞ്ഞിരിക്കുന്നത്?**

ഉത്തരം : ആയുർവ്വേദം, വേദാദിശാസ്ത്രങ്ങൾ എന്നിവയെ ആധാരമാക്കിയാണ് ഭക്ഷണ വിധിയേക്കുറിച്ച് പറഞ്ഞിട്ടുള്ളത്

**ചോദ്യം 14 : മാംസാഹാരമുപേക്ഷിച്ചാൽ മൃഗങ്ങളുടെ എണ്ണം വർദ്ധിക്കില്ലേ?**

ഉത്തരം : പശു – പക്ഷികളുടെ ജീവിതത്തിന് പ്രകൃതിതന്നെ സന്തുലനം നടത്തുന്നുണ്ട്. മാംസാഹാരത്തിനുവേണ്ടി മനുഷ്യർ ഇവരുടെ എണ്ണം പ്രകൃതി നിയമങ്ങൾക്കുവിരുദ്ധമായി വർദ്ധിപ്പിക്കുന്നുണ്ട്. ഇവർ പ്രകൃതിക്കനുസരിച്ച് ജീവിക്കുകയാണെങ്കിൽ അവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കില്ല.

**ചോദ്യം 15 : ഒരേസമയം ഒരു പാത്രത്തിൽനിന്ന് ഒന്നിലധികം പേർ ഭക്ഷണം കഴിക്കുന്നത് ശരിയാണോ?**

ഉത്തരം : ശരിയല്ല

**ചോദ്യം 16 : എച്ചിൽ ഭക്ഷിക്കുന്നതുകൊണ്ട് എന്തുദോഷമാണുള്ളത്?**

ഉത്തരം : മറ്റുള്ളവരുടെ ഉച്ചിഷ്ടം ഭക്ഷിക്കുന്നതിലൂടെ അവരിലുള്ള രോഗങ്ങൾ നമ്മിലേക്ക് പകരും. അതിനാൽ എച്ചിൽ(ഉച്ഛിഷ്ടം) ഭക്ഷിക്കരുത്.

**ചോദ്യം 17 : ഭക്ഷണം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?**

ഉത്തരം :
1. ഏകാന്തമായൊരിടത്തിരുന്ന് ഭക്ഷണം കഴിക്കുക.
2. ഭോജന സമയത്ത് നിശ്ശബ്ദതപാലിക്കുക.
3. പഴകിയ ഭക്ഷണം കഴിക്കാതിരിക്കുക.
4. നല്ലവണ്ണം ചവച്ചരച്ചശേഷം ഭക്ഷിക്കുക.
5. ഭക്ഷണശേഷം അരമണിക്കൂർ വെള്ളം കുടിക്കരുത്.

(തുടരും)

***യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)***
***ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ***

(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം -5



"അഃ, ഇനി പറയ്യാ, എന്തൊക്കെയുണ്ട് വിശേഷങ്ങൾ? പെട്ടിയും വിരിയും മറ്റും അവിടെ വെച്ച് ഷർട്ടൂരി ഹാങ്ങറിൽ തൂക്കി രഘുവിന്റെ കുശലാന്വേഷണത്തിനുത്തരമായി സ്വന്തം തറവാട്ടിൽ നടന്ന ഭാഗത്തിന്റേയും ജ്യേഷ്ഠൻ വാരിയരോട് അഡ്രസ് വാങ്ങി പോന്നതിന്റേയും വർത്തമാനങ്ങളെല്ലാം വിവരിച്ചു പറഞ്ഞുകേൾപ്പിച്ചു. അതോടൊപ്പം തന്റെ ഉദ്ദേശ്യവും പ്രത്യേകം പറഞ്ഞു മനസ്സിലാക്കി കൊടുത്തു.

"നമുക്ക് നോക്കാം. ഇപ്പോ ചായ കഴിക്ക്യാ, ചൂടാറണ്ട. ബേജാറാവണ്ട, രണ്ടുനാൾ വിശ്രമിക്കൂ. അതിനുള്ളിൽ പരിശ്രമിക്കാം. വെറ്റുകോളറുദ്യോഗം തന്നെ വേണമെന്നുവെച്ചാൽ പ്രയാസമാവും ആദ്യമാദ്യം. മെല്ലെ തിന്നാൽ മുള്ളും തിന്നാം എന്നുണ്ടല്ലോ. സാരല്യ, സ്വന്തം കാലിൽ നിൽക്കാറാവണമെന്നല്ലെ ഉള്ളു. ധൃതി പിടിക്കേണ്ട, സാവധാനത്തിലെല്ലാം ശരിയാക്കാം. എന്താപ്പോരെ? " രഘു സമാശ്വസിപ്പിച്ചു.

"ആ സമാശ്വാസം ശ്വസിച്ചുകൊണ്ട് നാളുകൾ നീങ്ങിപ്പോയി. പക്ഷെ ഒന്നുമൊന്നുമാവാതെ, രഘുവിനെ ഇങ്ങനെ ബുദ്ധിമുട്ടിക്കുന്നത് ശരിയല്ല. രഘു മില്ലിൽ പോയാൽ വൈകുന്നേരം വരെ ഒറ്റക്ക് മുറി കാവൽക്കാരനെപ്പോലെ കഴിച്ചുകൂട്ടണം. ഈ പോക്കുചിതമല്ലാ എന്ന് പാച്ചന്റെ മനഃസാക്ഷി ഉരുവിട്ടുകൊണ്ടിരുന്നു. അവസാനം പാച്ചൻ സഹികെട്ടു. അയാൾ ഒരു ദിവസം ഒരു ഹോട്ടലിൽ കയറി ജോലി അന്വേഷിക്കാൻ ഹോട്ടലുടമയുടെ അടുത്തുപോയി എന്തുപറയണമെന്നറിയാതെ മൗനം പൂണ്ടുനിന്നു.

"ആരാ, എന്താവേണ്ടത്", സംശയത്തോടെ ഹോട്ടലുടമ ചോദിച്ചു.

"എനിക്കിവിടെ വല്ല ജോലിയും....." ജാള്യതകൊണ്ട് വാചകം മുഴുമിപ്പിക്കാൻ പാച്ചന് കഴിഞ്ഞില്ല.

"ഹോട്ടൽ പണി വല്ലതും അറിയോ? ഹോട്ടലുടമ ആരാഞ്ഞു.

"ഇല്ല. പറഞ്ഞുതന്നാൽ അതുപോലെ ചെയ്യാം" പാച്ചൻ വിനീതമായി സത്യാവസ്ഥ തുറന്നുപറഞ്ഞു.

"എന്നാൽ ഒരു കാര്യം ചെയ്യാം. വരുന്ന ആൾക്കാർക്ക് വെള്ളം സപ്ലൈ ചെയ്താൽ മതി. എന്താ അത് പറ്റില്ലേ? 10 രൂപ ശമ്പളം തരാം. ഭക്ഷണം ഇവിടെ എല്ലാവർക്കുമുള്ളതു പോലെ കിട്ടും. എന്താ സമ്മതമാണോ? ഹോട്ടലുടമ കരാറുറപ്പിച്ചു. പാച്ചൻ സമ്മതം മൂളി.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*

*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

**സ്വാമി സത്യപതി പരിവ്രാജക്**
**തർജ്ജമ : കെ.എം. രാജൻ**

2. **സാധനാപാദം:-** ഈ രണ്ടാം പാദത്തിൽ തുടക്കകാരായ സാധകർക്കായി യോഗസാധനകളുടെ വർണ്ണന ചെയ്തിട്ടുണ്ട്. അതിനാലിതിന് സാധനാ പാദമെന്ന പേര് വന്നു. ക്രിയായോഗം, അവയുടെ ഫലം, അവിദ്യാദി പഞ്ചക്ലേശങ്ങൾ, അവയുടെ സ്വരൂപം, അവയുടെ നാശത്തിനായുള്ള ഉപായങ്ങൾ, ക്ലേശമൂല കർമ്മാശയവും അവയുടെ ഫലവും, വിവേകിക്ക് ദുഃഖവും അതിന്റെ ഹേയതയും, ദൃശ്യത്തിന്റെ സ്വരൂപം, യോഗത്തിന്റെ എട്ടംഗങ്ങളും അവയുടെ ഫലവും, പ്രാണായാമത്തിന്റെ ലക്ഷണങ്ങളും അവയുടെ ഭേദം, ഫലം എന്നിവയും പ്രത്യാഹാരത്തിന്റെ സ്വരൂപം തുടങ്ങിയ വിഷയങ്ങളേക്കുറിച്ചും പ്രകാശം ചൊരിയുന്നുണ്ട് ഈ പാദത്തിൽ.

3. **വിഭൂതിപാദം:-** യോഗ സാധനാനുഷ്ഠാനത്തിലുണ്ടാവുന്ന വിവിധ പ്രകാരത്തിലുള്ള സിദ്ധികൾ = വിഭൂതി (ഐശ്വര്യങ്ങൾ)കളുടെ വർണ്ണന ഈ മൂന്നാം പാദത്തിൽ മുഖ്യരൂപത്തിൽ പറയുന്നതിനാൽ ഈ പാദത്തിന് വിഭൂതി പാദമെന്ന പേര് വന്നു. ധാരണ, ധ്യാനം, സമാധി ഈ മൂന്നു യോഗാംഗങ്ങളുടെ ലക്ഷണവും അവയുടെ ശാസ്ത്രീയ പാരിഭാഷിക നാമവും, അവയുടെ സിദ്ധി കൊണ്ടുള്ള ഫലവും, വിഭിന്നമേഖലകളിലെ വിനിയോഗം, മോക്ഷപ്രാപ്തിക്ക് സർവ്വസിദ്ധികളുടേയും അനിവാര്യതയുടെ നിഷേധം, ചിത്ത പരിണാമങ്ങളുടെ ഭേദം, അവയുടെ വിവരണം, സംയമാനുഷ്ഠാനത്താൽ വിവിധ ഐശ്വര്യങ്ങളുടെ പ്രാപ്തി, വിവേകജ്ഞാനത്തിന്റെ പ്രാദുർഭാവവും അതിന്റെ പരിണാമവും തുടങ്ങി വിവിധ വിഷയങ്ങളെക്കുറിച്ച് പ്രകാശം നൽകുന്നതാണ് ഈ മൂന്നാം പാദം.

4. **കൈവല്ല്യപാദം:-** ഈ നാലാം പാദത്തിൽ കൈവല്ല്യം = മോക്ഷത്തിന്റെ യഥാർത്ഥസ്വരൂപത്തേക്കുറിച്ച് വർണ്ണിക്കുന്നു. അതിനാൽ ഇത് കൈവല്ല്യപാദമായി. ചിത്തസിദ്ധികളുടെ അഞ്ചുഭേദകർമ്മങ്ങളുടെ വിഭജനം, കർമ്മാശയത്തിലിരുന്നു മോക്ഷസിദ്ധി സംഭവിക്കില്ല, യോഗിയുടേയും അയോഗിയുടേയും കർമ്മങ്ങളുടെ അന്തരം, സ്മൃതിയും സംസ്കാരവും സദാ സമാനവിഷയമാണ്. വാസനാനുഗ്രഹത്തിന്റെ നാലുകാരണങ്ങൾ, സംസാരചക്രം ആറു ആരക്കാലുകളുള്ളതാണ്, ക്ഷണികാവാദം തുടങ്ങിയവയുടെ ഖണ്ഡനം, ധർമ്മമേധ സമാധിയുടെ സ്വരൂപം, ക്രമത്തിന്റെ സ്വരൂപം തുടങ്ങി വിഭിന്നവിഷയങ്ങളെക്കുറിച്ചും ഇതിൽ പ്രകാശം ചൊരിയുന്നുണ്ട്.

### യോഗത്തിന്റെ വ്യുൽപത്തിയും പരിഭാഷയും

'യുജ സമാധൗ' ആത്മനേപദി ദിവാദിഗണീയ ധാതുവിൽ 'ധഞ്' പ്രത്യയം ചേർക്കുമ്പോൾ ഉണ്ടാവുന്നതാണ് 'യോഗ' മെന്ന ശബ്ദം. അതായത് 'യോഗ' മെന്നപദത്തിന്നർത്ഥം 'സമാധി' അഥവാ ചിത്തവൃത്തികളുടെ നിരോധമാണ്. എന്നാൽ 'യോഗ'മെന്ന ശബ്ദം 'യുജിർയോഗെ' അഥവാ 'യുജ സംയമനേ' ധാതുവിൽനിന്നും നിഷ്പന്നമാവാം. എന്നാൽ അപ്പോൾ യോഗ ശബ്ദത്തിന്റെ അർത്ഥം ക്രമത്തിൽ 'യോഗഫലം = കൂട്ടിചേർക്കുക, നിയമിക്കുക എന്നാവും. എന്നാലിത് 'യോഗശ്ചിത്ത വൃത്തി നിരോധ' എന്ന യോഗദർശന സൂത്രത്തിൽ പറയുന്ന യോഗത്തിന്റെ പരിഭാഷക്ക് അനുകൂലമാവാത്തതിനാൽ അഭീഷ്ടം ഉണ്ടാവില്ല. അതിനാൽ 'യുജസമാധി' ധാതുവിൽനിന്നും നിഷ്പന്നമാവുന്ന 'യോഗ' ശബ്ദം തന്നെയാണ് സ്വീകാര്യം.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

മദൻ രഹേജ
തർജ്ജമ: സുരി



ശബ്ദം വായുവിന്റെ തരംഗങ്ങളോടെയാണ് മുന്നോട്ട് പോകുന്നത്. വായുവില്ലെങ്കിൽ ശബ്ദം കേൾക്കാൻ സാധിക്കില്ല.

വായു, അഗ്നി, ജലം, ഭൂമി എന്നിവ ആകാശത്തിലും ഈ പഞ്ചഭൂതങ്ങൾ ശൂന്യാകാശത്തിലും സ്ഥിതിചെയ്യുന്നു.

ഇനി വൈജ്ഞാനിക ദൃഷ്ടിയിലൂടെ ഇവയുടെ അന്തരം പരിശോധിക്കാം. വിദ്വാന്മാർവരെ ഇവയെ ഒന്നായാണ് കാണുന്നത്. എന്നാൽ ആകാശം, ശൂന്യാകാശം എന്നിവ തമ്മിൽ വലിയ അന്തരമുണ്ട്. സാധാരണഗതിയിൽ പറയുമ്പോൾ ഇവ രണ്ടിന്റേയും അർത്ഥം ഒന്നാണ്. എന്നാൽ തത്വ - മീമാംസാ സന്ദർഭങ്ങളിൽ ഇവയുടെ അർത്ഥം ഒന്നല്ല.

ആകാശത്തിന്റെ ഗുണം സ്ഥലം പ്രദാനംചെയ്യുക എന്നതാണ്. ദാർശനികർ ഗുണം ശബ്ദമാണെന്ന് പറയുന്നു. ശാസ്ത്രം പറയുന്നത് ശബ്ദം തരംഗങ്ങളായി ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് സഞ്ചരിക്കുന്നു എന്നതാണ് (ആകാശത്തിന്റെ ലക്ഷണം തരംഗങ്ങളെ ഉൽപ്പന്നമാക്കുക എന്നതാണ്. വേദങ്ങളിൽ ഇതിനേക്കുറിച്ച് വിവരിക്കുന്നുണ്ട്. ഋഗ്വേദം 1.24.8). അതിനാൽ ആകാശം ശൂന്യമല്ല. ശബ്ദതരംഗങ്ങളെ ഉൽപ്പാദിപ്പിക്കുന്ന ഭൗതികതത്ത്വമാണ്.

വൈദിക സാഹിത്യത്തിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള സർവ്വവ്യാപിയായ ആകാശതത്ത്വത്തേപറ്റിയുള്ള സങ്കല്പം വളരെ പ്രാചീനവും സ്ഥായിയായ സത്യവുമാണ്. 1929 ൽ ബ്രിട്ടണിലെ പ്രശസ്ത വൈജ്ഞാനികനായ പ്രൊ.ഡൈറാക് (Prof. Dirac) സർവ്വവ്യാപിയായ ഒരു വസ്തുവിന്റെ പ്രവചനം നടത്തുകയുണ്ടായി. ഇതിന് ഡൈറക് ഓഷ്യൻ (Dirac Ocean) എന്ന് നാമകരണം ചെയ്തിരിക്കുന്നു. ഇതിൽ നെഗറ്റീവ് (negative) തന്മാത്രകളാണുള്ളത്. ഇതിൽ ഏതെങ്കിലും ഒരുകണം ഒഴിഞ്ഞുപോയാൽ ആ ശൂന്യമായ സ്ഥാനത്ത് തുല്യമായ രീതിയിലുള്ള പോസിറ്റീവ് കണം പ്രവർത്തിക്കുന്നു. വൈജ്ഞാനിക ഭാഷയിൽ ഇതിനെ ആന്റി- ഇലക്ട്രോൺ (Anti-electron) അഥവാ പോസിട്രോൺ (Positron) എന്നു പറയുന്നു. പ്രൊഫസർ ഡൈറക്കിന്റെ ഈ തത്ത്വത്തിന് വൈജ്ഞാനിക ലോകത്തിൽ സർവ്വസമ്മതിയാണുള്ളത്.

വൈശേഷികദർശനത്തിൽ 9 തത്ത്വങ്ങളെക്കുറിച്ചാണ് വിവരിച്ചിരിക്കുന്നത്. ഇതിൽ ജീവാത്മാവിനേയും മനസ്സിനേയും ഒഴിച്ച് ബാക്കിയുള്ള ഏഴു തത്ത്വങ്ങളാണ് ഭൗതിക ജഗത്തിന്റെ കാരണതത്ത്വമായി മാനിക്കപ്പെടുന്നത്. ആ ഏഴുതത്ത്വങ്ങൾ ഇപ്രകാരമാണ്.

1. പൃഥിവി 2. ജലം 3. അഗ്നി 4. വായു 5. ആകാശം 6. ദിക്ക് 7. കാലം

(തുടരും)

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*

(മുൻ ലക്കത്തിന്റെ തുടർച്ച)



# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

ചോദ്യം : **ആചാര്യൻ വിദ്യാർത്ഥികളോട് എങ്ങനെ പെരുമാറണം?**

ഉത്തരം : വിദ്യാർത്ഥി വിദ്വാനും സുശീലനും നിരഭിമാനിയും സത്യവാദിയും ധർമ്മാത്മാവും ആസ്തികനും ആലസ്യമില്ലാത്തവനും പരിശ്രമിയും പരോപകാരിയും വീരനും ധീരനും ഗംഭീരനും പവിത്രാചരണയുക്തനും ശാന്തിയുക്തനും ദമനശീലനും ജിതേന്ദ്രിയനും ഋജുസ്വഭാവിയും പ്രസന്നവദനനും മാതാവ്, പിതാവ്, ആചാര്യൻ, അതിഥി, ബന്ധു, മിത്രം, രാജാവ്, പ്രജകൾ തുടങ്ങിയവർക്ക് പ്രിയപ്പെട്ടവനും ആകാൻ കഴിയുന്നവിധം പെരുമാറണം. ആരോടെങ്കിലും സംസാരിക്കുമ്പോൾ അയാളുടെ മുഖത്തുനിന്നും പുറപ്പെടുന്ന വാക്കുകൾ ശാന്തമായി കേട്ട് പ്രത്യുത്തരം നൽകണം.മോശം ചേഷ്ടകൾ, മലിനത, മലിനവസ്ത്രധാരണം, ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും വിപരീതാചരണങ്ങൾ, നിന്ദ, ഈർഷ്യ, മോഷണം, ദൂഷണം, അനഭ്യാസം, ആലസ്യം, അതിനിദ്ര, അതിഭോജനം, അതിജാഗരണം, വ്യർത്ഥമായ കളികൾ, അങ്ങോട്ടുമിങ്ങോട്ടും അലഞ്ഞുനടക്കുക, വിഷയസേവനം ദുഷ്പ്രവൃത്തികളെക്കുറിച്ച് പറയുകയും കേൾക്കുകയും ചെയ്യുക, ദുഷ്ടസംസർഗ്ഗം തുടങ്ങിയ മോശം ആചാരങ്ങളനുഷ്ഠിക്കുന്നവർക്ക് കഠിന ശിക്ഷനൽകണം. ഇതിനുള്ള പ്രമാണം.

**സാമൃതൈഃപാണിഭിർഘ്നന്തി ഗുരവോ ന വിഷോ ക്ഷിതൈഃ|**
**ലാളനാശ്രയിണോ ദോഷാ സ്താഡയാ ശ്രയിണോ ഗുണാഃ||**

**(മഹാഭാഷ്യം 8.1.8.1)**

വിദ്യാർത്ഥികൾ വിദ്യായുക്തരും സുശിക്ഷിതരുമാവുന്നതിന് ആചാര്യൻ സ്വന്തം കൈകൾകൊണ്ട് സസ്നേഹം താഡിക്കുന്നു. സന്താനങ്ങളേയും വിദ്യാർത്ഥികളേയും എത്രകണ്ട് ലാളിക്കുന്നുവോ അത്രകണ്ട് അവർ വഷളന്മാരായിതീരും . എത്രകണ്ട് താഡനം നൽകുന്നുവോ അത്രകണ്ട് അവർ നല്ലവരാകും. എന്നാൽ അംഗഭംഗം വരുന്ന തരത്തിലോ മർമ്മത്തുകൊള്ളുന്ന തരത്തിലോ താഡിക്കരുത്.

ചോദ്യം : **പഠിതവ്യം തദപിമർതവ്യം ദന്തകടാകടെതികിം കർത്തവ്യം? ഹുഡഭംഗൻ (കുസൃതിക്കാരൻ) ഉവാച – പഠിക്കുന്നവനും മരിക്കും പഠിക്കാത്തവനു മരിക്കും. പിന്നെ പഠിക്കുന്നതിനുവേണ്ടി പല്ലുകിടുകിടുപ്പിക്കുന്നതെന്തിനാണ്?**

ഉത്തരം : **ന വിദ്യയാ വിനാ സൗഖ്യം നരാണാം ജായതെ ധ്രുവമ് |**
**അതോ ധർമ്മാർത്ഥമോക്ഷേഭ്യോ വിദ്യാഭ്യാസം സമാചരേത് ||**

സജ്ജന ഉവാച - സജ്ജനം പറയുന്നു. കേൾക്കൂ ഹുഡഭംഗാ(കുസൃത്ക്കാരാ)! നീ കരുതുന്നതുപോലെ വിദ്യാഭ്യാസംകൊണ്ട് ജനനമരണങ്ങൾ കണ്ണുകൾകൊണ്ട് കാണുക. കാതുകൾകൊണ്ട് കേൾക്കുക തുടങ്ങിയ ഈശ്വരീയനിയമങ്ങൾ മാറിമറിയുകയില്ല. എന്നാൽ യഥാർത്ഥ ജ്ഞാനം നേടി യഥായോഗ്യം പെരുമാറി തനിക്കും മറ്റുള്ളവർക്കും ആനന്ദം നൽകുക എന്നതാണ് വിദ്യയുടെ ഫലം. എന്തെന്നാൽ വിദ്യയില്ലെങ്കിൽ മനുഷ്യന് നിശ്ചലസൗഖ്യം ലഭിക്കുകയില്ല. ഒരു ക്ഷണനേരം സുഖം ഉണ്ടായെന്നും ഇല്ലെന്നും വരാം. അവിദ്വാനായിരുന്ന് ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവയുടെ സ്വരൂപത്തെ യഥാവിധി അറിഞ്ഞ് അറിവ് നേടാൻ ആർക്കുമാവില്ല. അതിനാൽ ഈ സിദ്ധികൾക്കായി വിദ്യയുടെ അഭ്യാസം തന - മന - ധനത്താൽ ചെയ്യുകയും ചെയ്യിക്കുകയും വേണം.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*

(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

**അദ്ധ്യായം 2** **വേദവും ശൂദ്രനും**

ദസ്യു എന്ന ശബ്ദം ഏതെങ്കിലും ജാതി വിഭാഗത്തിന്റേതല്ല. ഈ പ്രമാണങ്ങളിൽ നിന്ന് ആര്യൻ, ദസ്യു എന്നീ ശബ്ദങ്ങൾ ഗുണവാചികളാണെന്ന് സിദ്ധിക്കുന്നു. ജാതിപ്പേരുകളല്ല. ഈ വേദമന്ത്രങ്ങളിലെ വിശേഷണങ്ങളിൽ നിന്ന് തങ്ങളുടെ ഗുണകർമ്മസ്വഭാവ വിശേഷണങ്ങളാൽ ആണ് മനുഷ്യരെ ആര്യന്മാരെന്നും ദസ്യുക്കളെന്നും വിളിക്കുന്നത് എന്ന് വ്യക്തമാവുന്നു. അതിനാൽ ഉത്തമ സ്വഭാവഗുണങ്ങളുള്ളവരും ശാന്തിപ്രിയരും പരോപകാരാദി ഗുണങ്ങൾ ഉള്ളവരേയും ആര്യന്മാരെന്നും അനാചാരികളും അപരാധികളുമായവരെ ദസ്യുക്കളെന്നും പറയപ്പെടുന്നു.

ചോദ്യം : **വേദങ്ങളിൽ ശൂദ്രന്റെ അധികാരങ്ങളെക്കുറിച്ച് എന്താണ് പറഞ്ഞിരിക്കുന്നത്?**

**ഉത്തരം:** സ്വാമി ദയാനന്ദൻ വേദങ്ങളെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞത് വേദങ്ങൾ എല്ലാ മനുഷ്യർക്കും എല്ലാവർണ്ണക്കാർക്കും പഠിക്കാൻ അധികാരമുള്ളതാണെന്നാണ്. സ്വാമിജിയുടെ കാലത്ത് ശൂദ്രന്മാർക്ക് വേദാദ്ധ്യായനത്തിന് നിഷേധമുണ്ടായിരുന്നു. എന്നാൽ വേദങ്ങളിൽ ശുദ്രന്മാർക്ക് വേദപഠനാധികാരമുണ്ടെന്ന് വ്യക്തമായി പറയുന്നുണ്ട്. ശുദ്രൻ എന്ന പദം വേദങ്ങളിൽ ഏതാണ്ട് ഇരുപതിടത്ത് വരുന്നുണ്ട്. എവിടെയും അപമാനജനകമായ അർത്ഥം നൽകുന്നില്ല. വേദങ്ങളിലെവിടേയും ശുദ്രൻ ജന്മനാ പിന്നോക്കക്കാരനും വേദാദ്ധ്യായനം നൽകപ്പെടേണ്ടാത്തവനുമാണെന്ന് പറയുന്നില്ല. മറ്റു വർണ്ണങ്ങളിൽനിന്നും അവരുടെ പദവി കുറവാണെന്നും യജ്ഞാദികളിൽനിന്ന് മാറ്റി നിർത്തപ്പെടേണ്ടവരാണെന്നും പറയുന്നില്ല.

"അല്ലയോ മനുഷ്യരേ! പരമാത്മാവായ ഞാൻ എല്ലാവരുടേയും മംഗളത്തിനായി ഋഗ്വേദാദിരൂപ വാണിയെ എല്ലാവർക്കുമായി ഉപദേശിക്കുന്നു, ബ്രാഹ്മണർക്കും ക്ഷത്രിയർക്കുമായി ഉപദേശിക്കുന്നു. ശുദ്രന്മാർക്കും വൈശ്യന്മാർക്കുമായി ഇതിനെ ഉപദേശിക്കുന്നു. നിങ്ങൾ ആരെയെല്ലാമാണോ സ്വന്തം ഇഷ്ടക്കാരായി കാണുന്നത് അവർക്കും പുറമേയുള്ളവരായി കാണുന്നത് അവർക്കും ഞാനീ ഉപദേശങ്ങൾ നൽകുന്നു. അങ്ങനെ നിങ്ങളും മുന്നോട്ട് വന്ന് ഈവാണിയുടെ ഉപദേശത്തെ നൽകിക്കൊണ്ടിരുന്നാലും (യജുർവ്വേദം 26.2)

പ്രാർത്ഥിക്കുകയാണ്. അല്ലയോ പരമേശ്വരാ! അങ്ങ് എന്നെ ബ്രാഹ്മണർക്കും ക്ഷത്രിയർക്കും ശുദ്രർക്കും വൈശ്യന്മാർക്കും പ്രിയപ്പെട്ടവനാക്കി തീർത്താലും (അഥർവ്വ വേദം 19-62-1). ഈ മന്ത്രത്തിന്റെ ഭാവാർത്ഥം ഇങ്ങനെയാണ്. അല്ലയോ പരമാത്മാവേ! ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരും എന്നെ സ്നേഹിക്കുന്ന വിധത്തിലായിരിക്കട്ടെ എന്റെ സ്വഭാവവും ആചരണങ്ങളും.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

ആര്യവീർദളം – ബാലപംക്തി

**ആര്യവീരഗാഥ - 2**

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



**പ**ണ്ഡിറ്റ് ലേഖ്റാമിന് മദ്യം അവജ്ഞ നൽകുന്ന വസ്തുവും മാംസഭക്ഷണം പാപവുമായിരുന്നു. ഒരിക്കൽ അദ്ദേഹം യാത്രയുടെ ഭാഗമായി പേഷാവാറിൽ എത്തി. അവിടത്തെ ആര്യസമാജത്തിന്റെ വാർഷിക സമ്മേളനം ഒരു തഹസിൽദാരുടെ ധർമ്മശാലയിൽ വെച്ചുനടക്കുകയായിരുന്നു. സമാജത്തിന്റെ അന്തരംഗ സമിതിയിൽപെട്ട ചിലർക്ക് തഹസിൽദാരെ പുതിയ തിരഞ്ഞെടുപ്പിലൂടെ സമാജത്തിന്റെ പ്രധാൻ (അദ്ധ്യക്ഷൻ) ആക്കാൻ താത്പര്യമുണ്ടായിരുന്നു. തഹസിൽദാരും അപ്പോഴവിടെ സന്നിഹിതനായിരുന്നു. ഈ തഹസിൽദാർ മദ്യപാനിയും മാംസാഹാരിയുമാണെന്നും അത്തരക്കാരെ ആര്യസമാജത്തിന്റെ പ്രധാൻആക്കുന്നത് ശരിയല്ലാ എന്നും അദ്ദേഹം വെട്ടിത്തുറന്നു പറഞ്ഞു. വേറൊരു സംഭവം ഇങ്ങനെയാണ്. ബാബു കേശവ്മലിന്റെ ധർമ്മശാലയിൽ ആര്യസമാജത്തിന്റെ ഒരുത്സവം നടുക്കുകയായിരുന്നു. സുന്ദർസിംഗ് എന്ന സർക്കാർവക്കീൽ ബാബുകേശവ്മലിന്റെ ധനിഷ്ഠനായ സുഹൃത്തുക്കളിലൊരാളായിരുന്നു. അദ്ദേഹം ആര്യസമാജത്തിന്റെ വേദിയിൽനിന്ന് ആര്യസിദ്ധാന്തത്തിന് വിരുദ്ധമായ ചിലത് പറയാൻ ആഗ്രഹിച്ചിരുന്നു. ലേഖ്റാമിന് ഇക്കാര്യത്തേക്കുറിച്ച് വിവരം ലഭിച്ചപ്പോൾ ഉടൻതന്നെ അദ്ദേഹം വേദിയിലേക്കോടിചെന്ന് മേശക്കടുത്തുപോയിരുന്നു. ലേഖ്റാമിന്റെ ചെറിയച്ഛൻ പണ്ഡിറ്റ് ഗണ്ഡാറാം അദ്ദേഹത്തിനടുത്തുതന്നെ ഇരിക്കുന്നുണ്ടായിരുന്നു. ചെറിയച്ഛൻ ലേഖ്റാമിനെ പരമാവധി നിയന്ത്രിക്കാൻ ശ്രമിച്ചെങ്കിലും ലേഖ്റാം ധർമ്മത്തിന്റെ പ്രചാരവും മിഥ്യാമതങ്ങളുടെ ഖണ്ഡനവും ചെയ്യാൻ ഒട്ടും വിട്ടുവീഴ്ച നടത്തുന്നവനായിരുന്നില്ല. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആരോടും ദ്വേഷഭാവം ഇല്ലായിരുന്നു. എല്ലാവരുടേയും മംഗളമാഗ്രഹിച്ചിരുന്ന അദ്ദേഹം സത്യം പറയുന്നതിൽ സർവ്വദാ നിർഭയനായിരുന്നു. ഉത്സവാഘോഷത്തിനിടെ ആരെങ്കിലും തടസ്സമുണ്ടാക്കുകയോ ആര്യസമാജസിദ്ധാന്തത്തിനു വിരുദ്ധമായി പറയുകയോ ചെയ്താൽ താൻ അതിന് ഉത്തരം നൽകുമെന്നദ്ദേഹം സിംഹഗർജ്ജനം നടത്തി.

### ധർമ്മപ്രചാരത്തിനോടുള്ള അഭിനിവേശം

ഒരിക്കൽ പണ്ഡിറ്റ് ലേഖ്റാമിന് ദോരാഹാ എന്ന സ്ഥലത്ത് ഏതാനും ഹിന്ദുക്കൾ ഇസ്ലാംമതം സ്വീകരിക്കാനായി തയ്യാറാവുന്നതായി സൂചന കിട്ടി. ഉടൻതന്നെ അദ്ദേഹം തന്റെ ബാഗുമായി ലാഹോറിലേക്ക് തിരിച്ചു. ദോരാഹായിലേക്കുള്ള ടിക്കറ്റ് എടുത്തു. സ്റ്റേഷൻ അടുത്തെത്തിയപ്പോൾ അദ്ദേഹം തന്റെ ബാഗുമെടുത്ത് ഇറങ്ങാൻ തയ്യാറായിനിന്നു. എന്നാൽ ദോരാഹയിൽ ഈ വണ്ടി നിർത്തില്ലെന്ന് സഹയാത്രികർ അദ്ദേഹത്തോട് പറഞ്ഞു. മെയിൽ വണ്ടിയിലായിരുന്നു അദ്ദേഹം യാത്ര ചെയ്തിരുന്നത്. ദോരാഹാ എന്നത് വളരെ ചെറിയ ഒരു സ്റ്റേഷനാണ്. വണ്ടിനിന്നാലും ഇല്ലെങ്കിലും അവിടെ ഇറങ്ങണമെന്ന കാര്യത്തിൽ ലേഖ്റാമിന് സംശയമില്ലായിരുന്നു. വളരെ ശ്രദ്ധയോടെ അദ്ദേഹം ബാഗുമെടുത്ത് വണ്ടിയിൽനിന്നും പുറത്തേക്ക് ചാടി. നിസ്സാരപരിക്കുകൾ പറ്റി ചോരയൊലിപ്പിച്ചുകൊണ്ട് അദ്ദേഹം മതം മാറാൻ തയ്യാറായി നിൽക്കുന്ന ഹിന്ദുക്കളുടെ സമീപമെത്തി. മുറിവേറ്റ് ചോരയൊലിച്ചുവരുന്ന ലേഖ്റാമിന്റെ രൂപം കണ്ട് അവർ അമ്പരന്നു. അദ്ദേഹത്തിൻ വളരെയധികം പ്രഭാവിതരായിതീർന്ന അവർ ഹിന്ദുധർമ്മമുപേക്ഷിക്കാൻ ഒരുമ്പെട്ടില്ല.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*

*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## യോഗ സാധനാ ശിബിരം





കാറൽമണ്ണ വേദഗുരുകുലത്തിൽവെച്ച് ജനുവരി 20, 21 തിയ്യതികളിൽ പതഞ്ജലി മഹർഷിയുടെ യോഗദർശനത്തേ അധികരിച്ചുള്ള യോഗസാധനാ ശിബിരം നടന്നു. സ്വാമി സത്യപതിജിയുടെ ശിഷ്യനും യോഗിയുമായ സ്വാമി ആശുതോഷ് ജി പരിവ്രാജക് ആണ് ശിബിരം നയിച്ചത്. ആചാര്യ വാമദേവ് ആര്യ, ആചാര്യചതുർഭുജ് ആര്യ എന്നിവരും ക്ലാസ്സുകൾ എടുത്തു.

## സംസ്കൃത പഠന ക്ലാസ്സുകൾ

ചെർപ്പുള്ളശ്ശേരി : വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ചെർപ്പുള്ളശ്ശേരി ദേവിക ല്യാണമണ്ഡപത്തിൽവെച്ച് പുതിയ സംസ്കൃത ക്ലാസ്സുകൾ ജനുവരി 14ന് ആരംഭിച്ചു. വിശ്വ സംസ്കൃത പ്രതിഷ്ഠാനം നടത്തുന്ന പ്രവേശാ പരിചയ, ശിക്ഷ, കോവിദ എന്നീ സർട്ടിഫിക്കറ്റ് പരീക്ഷകൾക്കുള്ള പരിശീലനത്തിനു പുറമെ പ്രാചീന കേരളീയ രീതിയിലുള്ള സംസ്കൃത പഠനവും ഇവിടെ നടക്കുന്നുണ്ടായിരിക്കും.

## അഗ്നിഹോത്ര ശിൽപശാല

ഋഷിബോധോത്സവമായ ശിവരാത്രി (13-2-2018) ദിനത്തിൽ കാറൽമണ്ണ വേദഗുരുകുലത്തിൽവെച്ച് അഗ്നി ഹോത്രത്തെ അധികരിച്ചുള്ള ഒരു ശിൽപശാല ഉണ്ടായിരിക്കുന്നതാണ്. അഗ്നിഹോത്രവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളേക്കുറിച്ച് ക്ലാസ്സുകളും സംശയനിവാരണവും നടത്തുന്നതിനാണ് ശിൽപശാല സംഘടിപ്പിക്കുന്നത്.
താൽപര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക : 9562529095, 9497127923

*ഛിദ്രം വൃണ (യജുർവ്വേദം 12.54)*
*തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും*

ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/02/2018*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*

# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**



- **For scientific Ayurvedic treatments with a traditional touch**
- **SNEHA SWEDA KARMAS & PANCHAKARMA treatments are also done.**
- **Specialised in SIDHA medicine**

## PHYSICIANS

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 9562529095*